**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

കണ്ണൂർ ജില്ലയിലെ ചിറക്കൽ ഗ്രാമപഞ്ചായത്തിനെ സംബന്ധിച്ച അക്കൗണ്ടന്റ് ജനറലിന്റെ ലോക്കൽ ഓഡിറ്റ് റിപ്പോർട്ട്- നിയമാവലിയിലില്ലാത്ത പ്രവൃത്തികൾക്ക് ധനകാര്യ കമ്മീഷൻ ഗ്രാന്റ് വിനിയോഗിച്ചെന്ന പരാമർശം - പദ്ധതികൾ നടപ്പിലാക്കിയത് സാധൂകരിച്ച് ഉത്തരവാകുന്നു.

---

**തദ്ദേശ സ്വയംഭരണ (എഎ)വകുപ്പ്**

സ.ഉ.(സാധാ) നം.1403/2024/LSGD തീയതി,തിരുവനന്തപുരം, 01-08-2024

---

പരാമർശം:-
1. 16/11/2013 ലെ സ.ഉ(എം.എസ് )നം. 362/2013/തസ്വഭവ.
2. 11/01/2016 ലെ സ.ഉ.(എം.എസ് )നം. 4/2016/തസ്വഭവ.
3. പഞ്ചായത്ത് ഡയറക്ടറുടെ 01/08/2022 ലെ PAN/4347/2022-M3 (DP) നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കണ്ണൂർ ജില്ലയിലെ ചിറക്കൽ ഗ്രാമപഞ്ചായത്തിന്റെ 2015-16 മുതൽ 2019-20 വരെയുള്ള അക്കൗണ്ടന്റ് ജനറലിന്റെ ലോക്കൽ ഓഡിറ്റ് റിപ്പോർട്ടിലെ ഭാഗം II ബി, ഖണ്ഡിക -4 ൽ പതിനാലാം ധനകാര്യ കമ്മീഷന്റെ ഉത്തരവുകൾക്ക് വിരുദ്ധമായി 19.55 ലക്ഷം രൂപയുടെ ധനകാര്യ കമ്മീഷൻ ഗ്രാന്റ് വകമാറ്റി ചെലവഴിച്ചെന്ന് പരാമർശിച്ചിരുന്നു. തുടർന്ന് പ്രസ്തുത ചെലവ് സാധൂകരിക്കുന്നതിനായുള്ള ഗ്രാമപഞ്ചായത്തിന്റെ അപേക്ഷ പഞ്ചായത്ത് ഡയറക്ടർ പരാമർശം 3 പ്രകാരം ലഭ്യമാക്കുകയുണ്ടായി.

ധനകാര്യ കമ്മീഷൻ നിയമാവലിയിൽ ഉൾപ്പെടാത്ത ഭവന പുനരുദ്ധാരണം, ഭവന നിർമ്മാണം, പഞ്ചായത്ത് ഓഫീസിന് സെർവ്വർ, ഇ-സാക്ഷരത കേരള സാമൂഹ്യ സുരക്ഷാ മിഷൻ പ്രവൃത്തികൾക്ക് സംഭാവന, വൃദ്ധ വിശ്രമ കേന്ദ്രത്തിന് മുകളിൽ ഗ്രാമസഭാ കേന്ദ്രം സ്ഥാപിക്കൽ എന്നീ പ്രവർത്തികൾക്ക് വേണ്ടി 2015-16, 2016-17 വർഷങ്ങളിലായി ചിറക്കൽ ഗ്രാമപഞ്ചായത്തിൽ 19,95,550 രൂപയുടെ ധനകാര്യ കമ്മീഷൻ ഗ്രാന്റ് ചെലവഴിച്ചുവെന്നാണ് ഓഡിറ്റ് പരാമർശം.

ധനകാര്യ കമ്മീഷൻ ഗ്രാന്റ് വിനിയോഗിച്ച് നടത്തിയ പ്രസ്തുത പദ്ധതികളിലേറെയും ദാരിദ്ര്യ നിർമ്മാർജനത്തിന്റെ ഭാഗമായുള്ള ഭവന നിർമ്മാണം, ഭവനപുനരുദ്ധാരണം പോലുള്ള പ്രോജക്ടുകളായിരുന്നുവെന്നും പദ്ധതി നടത്തിപ്പ് സംബന്ധിച്ച് യാതൊരുവിധ ക്രമക്കേടുകളും ഉണ്ടായിട്ടില്ലെന്നും ബോധ്യപ്പെട്ട ചിറക്കൽ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 05/08/2021 ലെ യോഗ തീരുമാനപ്രകാരം സമർപ്പിച്ചിട്ടുള്ളതായ സാധൂകരണ അപേക്ഷ പരിഗണിച്ച് സാധൂകരണം നൽകുന്നതിന് കണ്ണൂർ ജില്ലാ ഓഡിറ്റ് മോണിറ്ററിംഗ് സമിതി സർക്കാരിനോട് ശിപാർശ ചെയ്തിട്ടുണ്ട്.

2015-16- ൽ ധനകാര്യ കമ്മീഷൻ ഗ്രാന്റ് വകയിരുത്തി നടത്തിയ എല്ലാ പദ്ധതികൾക്കും തുക ചെലവഴിച്ചതിന് ശേഷമാണ് പ്രസ്തുത പദ്ധതികൾക്കായി ധനകാര്യ കമ്മീഷൻ ഗ്രാന്റ് വിനിയോഗിച്ചതെന്ന് നിർവ്വഹണോദ്യോഗസ്ഥർ വിശദീകരിച്ചിരുന്നു.

സർക്കാർ ഇക്കാര്യം പരിശോധിച്ചു. ചിറയ്ക്കൽ ഗ്രാമപഞ്ചായത്ത് 2015-16 വാർഷിക പദ്ധതിയിൽ ഏറ്റെടുത്തതും 2016-17 ൽ സ്പിൽ ഓവറായതിനെ തുടർന്ന് നിർവഹണം നടത്തിയതുമായ പ്രോജക്ടുകളെ സംബന്ധിച്ചാണ് അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ളത് . പരാമർശം 1 പ്രകാരമുള്ള മാർഗ്ഗരേഖയിലെ ഖണ്ഡിക 9.2 ലെ നിർദ്ദേശങ്ങൾ പരിഗണിച്ചാണ് ഗ്രാമപഞ്ചായത്ത് പ്രോജക്ടുകൾ ഏറ്റെടുത്തിട്ടുള്ളത്. ഖണ്ഡികകൾ 9(2)(I), 9(2)(II) എന്നിവ പ്രകാരമുള്ള കാര്യങ്ങൾക്ക് ഫണ്ട് വകയിരുത്തിയ ശേഷം അവശേഷിക്കുന്ന തുക ഏത് മേഖലയിലേക്കും വകയിരുത്താവുന്നതാണ് . 2016-17 വാർഷിക പദ്ധതി രൂപീകരണത്തിനായി പരാമർശം 2 ലെ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ച മാർഗ്ഗരേഖയിലെ ഖണ്ഡിക 12.06 പ്രകാരം അടിസ്ഥാന സേവനങ്ങൾക്കുള്ള ഉപപദ്ധതി തയ്യാറാക്കണമെന്നും പതിനാലാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് മാർഗ്ഗരേഖയിലെ ഖണ്ഡിക 8.2(ബി) യിലെ നിർദ്ദേശങ്ങൾ പാലിച്ച് പൂർണ്ണമായും വിനിയോഗിക്കുന്നതിനുമാണ് നിർദ്ദേശിച്ചിട്ടുള്ളത് . ഇത് 2015-16 വർഷം വരെ നിലനിന്നിരുന്ന ധനകാര്യ കമ്മീഷൻ ഗ്രാന്റ് വിനിയോഗിക്കുന്നതിനായുള്ള നിർദ്ദേശങ്ങളിൽ ഉൾപ്പെട്ടിരുന്നില്ല. ധനകാര്യ കമ്മീഷൻ ഗ്രാന്റ് ചെലവഴിക്കുന്നതിന് കൂടുതൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്തിക്കൊണ്ടുള്ള 08/05/2015 തീയതിയിൽ കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് 01/04/2016 മുതൽ ബാധകമാക്കിക്കൊണ്ടാണ് സംസ്ഥാന സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത് . 01/04/2016 ന് മുൻപ് ആസൂത്രണം നടത്തിയതും 01/04/2017 ന് സ്പിൽ ഓവറായി ധനകാര്യ കമ്മീഷൻ ഗ്രാന്റ് വിനിയോഗിച്ച് നിർവ്വഹിക്കപ്പെട്ടതുമായ പ്രോജക്ടുകൾക്ക് 2016-17 വാർഷിക പദ്ധതി രൂപീകരണത്തിനായുള്ള പരാമർശം 2 പ്രകാരമുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ ബാധകമാകുന്നില്ല.

മേൽ സാഹചര്യത്തിൽ, ചിറക്കൽ ഗ്രാമപഞ്ചായത്ത് 19.55 ലക്ഷം രൂപയുടെ പതിനാലാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് വിനിയോഗിച്ച് 2015-16, 2016-17 വർഷങ്ങളിലായി നടപ്പിലാക്കിയ പദ്ധതികൾക്ക് സാധൂകരണം നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

GANGA G R

അണ്ടർ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്-I ) , ബ്രാഞ്ച് ഓഫീസ് , തൃശ്ശൂർ.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ ,തിരുവനന്തപുരം .
സെക്രട്ടറി, ചിറക്കൽ ഗ്രാമപഞ്ചായത്ത്, ചിറക്കൽ പി.ഒ. , കണ്ണൂർ.
സ്റ്റോക്ക് ഫയൽ/ ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

Signed by
Reji R S
Date: 01-08-2024 14:54:54

സെക്ഷൻ ഓഫീസർ